# കേരള നിയമസഭ 2018 ഏപ്രിൽ 4 ന് ഐകകണ്ഠ്യേന പാസ്സാക്കിയ പ്രമേയം

28 ലക്ഷത്തോളം കുട്ടികളുടെ ഭാവിയെ ഗുരുതരമായി ബാധിക്കുന്ന സി.ബി.എസ്.ഇ ചോദ്യപേപ്പർ ചോർച്ച സംബന്ധിച്ച വിഷയം രാജ്യമാകെ ഗൗരവമായി ചർച്ച ചെയ്യുകയാണ്. കേരളത്തിലും ലക്ഷദ്വീപിലുമായി 10-ാം ക്ലാസ്സിൽ 72,489 ഉം 12-ാം ക്ലാസ്സിൽ 39,726 ഉം വിദ്യാർത്ഥികളടക്കം 1,12,215 വിദ്യാർത്ഥികളാണ് സി.ബി.എസ്.ഇ. പരീക്ഷ എഴുതിയത്.

മാർച്ച് 26ന് നടന്ന 12-ാം ക്ലാസ് ഇക്കണോമിക്സ് പരീക്ഷാചോദ്യപേപ്പറും മാർച്ച് 28ന് നടന്ന 10-ാം ക്ലാസ് ഗണിതം പരീക്ഷയുടെ ചോദ്യപേപ്പറുമാണ് ചോർന്നതായി ഇപ്പോൾ കണ്ടെത്തിയിരിക്കുന്നത്. മറ്റു ചില വിഷയങ്ങളുടെ ചോദ്യപേപ്പർ ചോർന്നതായും, രണ്ട് വർഷം മുമ്പത്തെ ചോദ്യ പേപ്പർ ഈ വർഷം ലഭിച്ചതായിട്ടുള്ള പരാതികളും ഉയർന്നു വന്നിട്ടുണ്ട്. പരീക്ഷാ ചോദ്യ പേപ്പറുകൾ ചോർത്താനുള്ള ശ്രമങ്ങൾ പലപ്പോഴും നടക്കാറുണ്ട്. അതുകൊണ്ടുതന്നെ പരീക്ഷാബോർഡുകൾ പരീക്ഷാ നടത്തിപ്പു കാലഘട്ടത്തിൽ നിതാന്ത ജാഗ്രത കൈക്കൊള്ളും.

സി.ബി.എസ്.ഇ. പരീക്ഷയുടെ കാര്യത്തിൽ ചോദ്യപേപ്പർ ചോർച്ചമാത്രമല്ല ലക്ഷക്കണക്കിന് കുട്ടികൾ എഴുതുന്ന പരീക്ഷയുടെ നടത്തിപ്പ് അതീവ ലാഘവത്തോടെ കണ്ടു

എന്നതാണ് രാജ്യവ്യാപക പ്രതിഷേധത്തിനിടയാക്കിയത്. മാർച്ച് 26 ന് നടന്ന പന്ത്രണ്ടാം ക്ലാസിലെ ഇക്കണോമിക്സ് പരീക്ഷയുടെ ചോദ്യപേപ്പർ ചോർന്നതിനെക്കുറിച്ച് മാർച്ച് 23ന് തന്നെ സി.ബി.എസ്.ഇ.ക്ക് വിവരം ലഭിച്ചിരുന്നു. അതുപോലെ 10-ാം ക്ലാസിലെ മാർച്ച് 28 ന് നടന്ന ഗണിത പരീക്ഷ നടത്തുന്നതിന് മണിക്കൂറുകൾക്കു മുമ്പു തന്നെ സി.ബി.എസ്.ഇ. അധികൃതർക്ക് ചോദ്യപേപ്പർ ചോർച്ച സംബന്ധിച്ച് വിവരം ലഭിച്ചിട്ടുണ്ട്.

12-ാം തരത്തിലെ ഇക്കണോമിക്സ് പരീക്ഷയുടെ ചോദ്യ പേപ്പർ ചോർച്ച സംബന്ധിച്ച് മാർച്ച് 17ന് തന്നെ പഞ്ചാബിലെ ലുധിയാന D.A.V. സ്കൂളിലെ 12-ാം ക്ലാസ്സ് വിദ്യാർത്ഥിനി ജാൻവി ബെഹൽ പ്രധാനമന്ത്രിക്ക് മാർച്ച് 17-ന് തന്നെ പരാതി അയച്ചതായ വിവരവും പുറത്തുവന്നിട്ടുണ്ട്. 10-ാം ക്ലാസ്സിലെ മാർച്ച് 28ലെ ഗണിതശാസ്ത്ര പരീക്ഷയുടെ ചോദ്യ പേപ്പർ ചോർച്ച സംബന്ധിച്ച പരാതി സഹിതം 27 ന് അർധരാത്രിക്ക് ശേഷം സി.ബി.എസ്.ഇ. ചെയർമാന്റെ ഔദ്യോഗിക മെയിലിലേക്ക് അയച്ചുവെന്നാണ് ഡൽഹിയിലെ സെൻട്രൽ ക്രൈം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈംനമ്പർ 88/2018 കേസിലെ പ്രഥമവിവര റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

ഇത്തരത്തിൽ ചോദ്യപേപ്പർ ചോർച്ചയെക്കുറിച്ച് അധികൃ തർക്ക് പരീക്ഷയ്ക്കുമുമ്പ് തന്നെ വിവരം ലഭിച്ചിട്ടും ഫലപ്രദ മായ യാതൊരു നടപടിയും സ്വീകരിച്ചില്ല. പരാതികളെല്ലാം നിസാരമായി തള്ളിക്കളയുകയാണ് കേന്ദ്രസർക്കാരും സി.ബി.എസ്.ഇ.യും ചെയ്തത്. പരീക്ഷ റദ്ദാക്കേണ്ടിവരുമെന്ന് മുൻകൂട്ടി അറിഞ്ഞിട്ടും ലക്ഷക്കണക്കിന് കുട്ടികളെ എന്തിനു

വേണ്ടി പരീക്ഷ എഴുതിച്ചു എന്നും ഇതുവഴി കുട്ടികളെ എന്തിനു മാനസികമായ പിരിമുറുക്കത്തിന് ഇടയാക്കി എന്നതിനും ഉത്തരം പറയാൻ അധികൃതർക്ക് ബാധ്യതയുണ്ട്. സി.ബി.എസ്.ഇ. പത്താം ക്ലാസ് പരീക്ഷയും പന്ത്രണ്ടാം ക്ലാസ് പരീക്ഷയും എഴുതിയ 28 ലക്ഷത്തോളം വിദ്യാർത്ഥികളും അവരുടെ രക്ഷിതാക്കളും വലിയ ഉത്കണ്ഠയിലാണ്. അവരുടെ മാനസികക്ലേശം വിവരണാതീതമാണ്.

പരീക്ഷാരംഗത്തെ കച്ചവടലോബികൾക്കും നിക്ഷിപ്ത താല്പര്യക്കാർക്കും കുട്ടികളുടെ ഭാവിയെ അമ്മാനമാടാൻ വിട്ടുകൊടുക്കുന്ന നടപടിയെ രാജ്യത്താർക്കും അംഗീകരിക്കാനാവില്ല. കുട്ടികൾക്കും അവരുടെ രക്ഷിതാക്കൾക്കുമുണ്ടായ ഉൽകണ്ഠയിലും പ്രയാസങ്ങളിലും കേരളനിയമസഭ പങ്കു ചേരുന്നു. ചോദ്യപേപ്പർ ചോർച്ചയ്ക്കുത്തരവാദികളായ ഒരാളും രക്ഷപ്പെടാത്തവിധത്തിലുള്ള അന്വേഷണവും കുറ്റക്കാരുടെ പേരിൽ മാതൃകാപരമായ നടപടിക്കും ഭാവിയിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാത്ത വിധമുള്ള ശാസ്ത്രീയവും ഫലപ്രദവുമായ നടപടികളും സ്വീകരിക്കണമെന്ന് ഈ സഭ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നു.

* * *

സെക്രട്ടറി